ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹൗസിംഗ്
ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം – 1

No. Ex.II/1/16956/HSE/2015 തീയതി : 26/06/2015

# സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസം – ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ ആഗസ്ത്/സെപ്റ്റംബർ 2015 – സിലബസ് സംബന്ധിച്ച്.

2014 ൽ ഒന്നാം വർഷ ഹയർ സെക്കന്ററി കോഴ്സിലെ ചില വിഷയങ്ങളുടെ പാഠ്യപദ്ധതിയും 2015 ൽ രണ്ടാം വർഷ കോഴ്സിലെ വിഷയങ്ങളുടെ പാഠ്യപദ്ധതികളും പരിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 2015 ആഗസ്ത്/സെപ്റ്റംബർ മാസം നടക്കുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കും തുടർന്നുള്ള പരീക്ഷകൾക്കും ഓരോ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ബാധകമാകുന്ന സിലബസ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകുന്നു.

1) 2014 ൽ ഒന്നാം വർഷ പ്രവേശനം/പുന: പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും മറ്റ് പരീക്ഷാ ബോർഡുകളിൽ നിന്നും ഒന്നാം വർഷ പരീക്ഷയെഴുതി 2015 ൽ രണ്ടാം വർഷ ഹയർ സെക്കന്ററി കോഴ്സിന് പുന:പ്രവേശനം നേടിയിട്ടുള്ളതുമായ ലാറ്ററൽ എൻട്രി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഓപ്പൺ സ്ക്കൂൾ മുഖാന്തിരം 2015 ൽ രണ്ടാം വർഷ പുന:പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും പരിഷ്ക്കരിച്ച പാഠ്യപദ്ധതി പ്രകാരം (New Syllabus) ആയിരിക്കും പരീക്ഷ നടത്തുക.

2) 2010 ലെ മാർച്ച് പരീക്ഷ മുതൽ 2015 ലെ സേ പരീക്ഷ വരെയുള്ള കാലയളവിൽ ഹയർ സെക്കന്ററി പരീക്ഷയിൽ D+ ഗ്രേഡോ അതിനു മുകളിലോ ലഭിക്കാത്ത കമ്പാർട്ട്മെന്റ് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഈ കാലയളവിൽ കോഴ്സ് പൂർത്തിയാക്കുകയും എന്നാൽ പരീക്ഷയെഴുതാൻ കഴിയാത്തതുമായ വിദ്യാർത്ഥികൾക്കും ഇതേ കാലയളവിൽ നിലനിന്ന പാഠ്യപദ്ധതി (Old Syllabus) അനുസരിച്ചുതന്നെയായിരിക്കും പരീക്ഷ നടത്തുക. [**ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും ലാറ്ററൽ എൻട്രി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും 2015 ആഗസ്റ്റ്/സെപ്റ്റംബറിൽ നടത്തുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്താൽ മാത്രമേ തുടർന്നുള്ള**

2016 മാർച്ചിലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുവാനുള്ള അർഹത നേടുകയുള്ളൂ.]

3) സ്കീം II പ്രകാരമുള്ള പരീക്ഷ ഇനി ഉണ്ടായിരിക്കുന്നതല്ല.

4) 2015 ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ മുതൽ പുതുക്കിയ പാഠ്യപദ്ധതിയുടെ പരീക്ഷ New Syllabus എന്നും പഴയ പാഠ്യപദ്ധതിയുടെ പരീക്ഷ Old Syllabus എന്നും ആയിരിക്കും അറിയപ്പെടുക. (സ്കീം I, സ്കീം II, എന്ന നാമകരണം ഇനി മുതൽ ഉണ്ടായിരിക്കുന്നതല്ല.)

ഒപ്പ്
ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)